**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1349 — 7.6.2018-ൽ മറുപടി നൽകേണ്ടത്

## പ്രീ-സ്കൂൾ മുതൽ പ്ലസ്ടു വരെയുള്ള പഠന പദ്ധതി ഏകീകരണം

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ<br>" ഇ.കെ.വിജയൻ<br>" ഇ.ടി. ടൈസൺ മാസ്റ്റർ<br>" എൽദോ എബ്രഹാം | | മറുപടി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | പ്രീ-സ്കൂൾ മുതൽ പ്ലസ്ടു വരെയുള്ള പഠന പദ്ധതി ഏകീകരിക്കുന്നതിന് കേന്ദ്രസർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) പ്രീസ്കൂൾ മുതൽ പ്ലസ്ടു വരെയുള്ള പഠന പദ്ധതി ഏകീകരിക്കുന്നതിന് സമഗ്ര ശിക്ഷ അഭിയാൻ പദ്ധതി പ്രകാരം നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ബി) | പഠന പദ്ധതി ഏകീകരണം വഴി ഉണ്ടാകുന്ന നേട്ടങ്ങളും കോട്ടങ്ങളും വിശദമാക്കുമോ; | (ബി) പ്രൈമറി തലം മുതൽ സെക്കന്ററി തലം വരെയുള്ള പ്രവർത്തനങ്ങൾ ഒരു സംവിധാനത്തിനു കീഴിൽ വരുമ്പോൾ ലാബ്, പഠനോപകരണങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഷെയർ ചെയ്യുവാൻ സാധിക്കും, ഈ സാഹചര്യത്തിൽ അക്കാദമിക നിലവാരം ഉയർത്തുന്നതിന് സാധിക്കുന്നു. |
| (സി) | പഠനപദ്ധതി ഏകീകരണം നടപ്പിലാക്കുന്ന സ്കൂളുകൾക്ക് ലഭ്യമാകുന്ന സഹായങ്ങൾ വിശദമാക്കുമോ; | (സി) 1. ഒന്നു മുതൽ എട്ട് വരെ ക്ലാസുകളിലെ കുട്ടികൾക്ക് സൗജന്യ പാഠപുസ്തകങ്ങളും രണ്ടു ജോടി സൗജന്യ യൂണിഫോമും<br>2. സ്കൂൾ ഗ്രാന്റ് എല്ലാ സർക്കാർ സ്കൂളുകൾക്കും<br>3. ഭിന്നശേഷി കുട്ടികൾക്ക് ഉപകരണങ്ങളും അലവൻസുകളും<br>4. ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ്<br>5. ലേണിംഗ് എൻഹാൻസ്മെന്റ് പ്രോഗ്രാം (എൽ.ഇ.പി)ന് സാമ്പത്തിക സഹായം<br>6. സയൻസ്, ഗണിതം എന്നിവയ്ക്ക് പ്രത്യേക പദ്ധതികളും, അദ്ധ്യാപകർക്ക് പരിശീലനവും<br>7. ആർ.ടിമാരായ അദ്ധ്യാപകരുടെ നിയമനം<br>8. സ്കൂളുകൾക്ക് ലൈബ്രറി ഗ്രാന്റ്<br>9. ഹോർട്ടികൾച്ചർ തെറാപ്പി |
| (ഡി) | ഇതിനോടനുബന്ധിച്ച് കേന്ദ്രമാനവവിഭവശേഷി മന്ത്രാലയം പുറത്തിറക്കിയ മറ്റു മാർഗ്ഗ നിർദ്ദേശങ്ങളിൽ പ്രധാനപ്പെട്ടവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ? | മാർഗനിർദ്ദേശങ്ങളുടെ കരട് രേഖ പരിശോധിച്ചു വരുന്നതേയുള്ളു. |

സെക്ഷൻ ഓഫീസർ